# കേരളസർവകലാശാല

നം.പി.ആർ.244/2023 തിരുവനന്തപുരം, തീയതി: 21/11/2023

## പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ/സീറ്റൊഴിവ്

കേരളസർവകലാശാലയുടെ കീഴിൽ ആരംഭിച്ച നാല് വർഷ പ്രോഗ്രാമായ ബി.എ. ഓണേഴ്സ് (പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററി) വിത്ത് റിസർച്ച് 2023-2024 അധ്യയന വർഷത്തെ അഡ്മിഷന് ST വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 നവംബർ 23 ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസ്സിലെ പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ

കേരളസർവകലാശാല 2023 ജൂലൈ സെഷൻ പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ 2023 നവംബർ 23 ന് നടത്താൻ നിശ്ചയിച്ചിരുന്ന (പേപ്പർ I) നവംബർ 29 ലേക്കും, നവംബർ 24 ന് നടത്താൻ നിശ്ചയിച്ചിരുന്ന (പേപ്പർ II) പരീക്ഷ നവംബർ 30 ലേക്കും പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റ് പരീക്ഷ തീയതികളിൽ മാറ്റമില്ല. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി (മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 2023 ഡിസംബർ 1 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ പാർട്ട് III – മെയിൻ & സബ്സിഡിയറി ബി.എസ്സി. ആന്വൽ സ്കീം (മേഴ്സി ചാൻസ്) ഏപ്രിൽ 2023 പരീക്ഷകളുടെ (മാത്തമാറ്റിക്സ്, ഫിസിക്സ്, സുവോളജി, ബോട്ടണി – മെയിൻ & സബ്സിഡിയറി) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 ഡിസംബർ 2 വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2023 ഒക്ടോബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 നവംബർ 28, 29 തീയതികളിൽ കാര്യവട്ടം വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. 2(b) ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (320) (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2019, 2020 അഡ്മിഷൻ,

മേഴ്സി ചാൻസ് – 2015, 2016, 2017 അഡ്മിഷൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ 2023 ഡിസംബർ 1 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബി.ടെക്. (2008 സ്കീം) കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ (415) പ്രാക്ടിക്കൽ പരീക്ഷകൾ 2023 നവംബർ 27, 29 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 നവംബർ 27 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ആർക്ക്. (2013 സ്കീം) ഡിഗ്രി സപ്ലിമെന്ററി (ആഗസ്റ്റ് 2023), 2023 നവംബർ 28 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ആർക്ക്. (2013 സ്കീം) ഡിഗ്രി സപ്ലിമെന്ററി (ആഗസ്റ്റ് 2023) എന്നീ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഡിസംബർ 19 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ. (2020 സ്കീം – റെഗുലർ & സപ്ലിമെന്ററി) പ്രോജക്ട് & വൈവാ–വോസി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 നവംബർ 27 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എം.ബി.എ. (റെഗുലർ – 2020 അഡ്മിഷൻ & സപ്ലിമെന്ററി – 2015 – 2019 അഡ്മിഷൻ – 2015 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on*9188526670, 9188526671, 9188526674, 9188526675
**Whats App No.** 8547330240